പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2484 — 19/03/2015 ൽ മറുപടിക്ക്

## തവനൂർ മണ്ഡലത്തിലെ -പുറത്തൂർ CHC

| ചോദ്യം<br>ഡോ.കെ.ടി.ജലീൽ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ വന്നതിനുശേഷം തവനൂർ മണ്ഡലത്തിലെ പുറത്തൂർ CHC യിൽ പുതുതായി ഒരു ഓപ്പറേഷൻ തിയേറ്റർ ഉദ്ഘാടനം ചെയ്തിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. നിലവിലുള്ള മിനി ഓപ്പറേഷൻ തീയേറ്റർ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പുതുക്കി ഉദ്ഘാടനം നടത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ; ഗൈനക്കോളജിസ്റ്റ് ഇല്ലാത്തതിനാൽ ഒരു ഓപ്പറേഷൻ പോലും ഇവിടെ നടന്നിട്ടില്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (ബി) | ഗൈനക്കോളജിസ്റ്റിന്റെ തസ്തിക പുറത്തൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ഇല്ലാത്തതിനാൽ പ്രസവ സംബന്ധമായ ഓപ്പറേഷൻ നടത്തുന്നില്ല. എന്നാൽ, മറ്റു മൈനർ ഓപ്പറേഷനുകൾ നടത്തിവരുന്നു. |
| (സി) | ഉണ്ടെങ്കിൽ; പുറത്തൂർ CHC യിൽ ഗൈനക്കോളജിസ്റ്റിനെ അടിയന്തരമായി നിയമിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ? | (സി) | 26/05/2014 ലെ സ.ഉ.(സാധ) നം. 1669/14/ആ.കു.വ. പ്രകാരം സ്പെഷ്യാലിറ്റി യൂണിറ്റുകളോടുകൂടിയ (ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്) ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 154 ആശുപത്രികളിൽ പുറത്തൂർ സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്. 01/01/2015 ലെ സർക്കാർ ഉത്തരവ് (സാധ) നം. 04/2015/ആ.കു.വ. തീയതി പ്രകാരം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികൾ ഒഴികെയുള്ള ആശുപത്രികളിലെ ചികിത്സാ സംവിധാനത്തിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകൾ മാത്രം ഉൾപ്പെടുത്തണമെന്നും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ